LIBRARY ARCHIVES Kerala Legislative Assembly

ടൂറിസം വകുപ്പിലെ മരാമത്ത് പണികൾ

12 [3599] ശ്രീ. എം. കുമാരൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിനോദസഞ്ചാര വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ടൂറിസം വകുപ്പിൽ പ്രതിവർഷം ശരാശരി എത്ര കോടി രൂപയുടെ മരാമത്ത് പണികൾ നടക്കുന്നുണ്ട്;

(ബി) ഈ മരാമത്ത് ജോലികൾ പൊതുമേഖലാ സ്ഥാപനമായ സിഡ്കോയെ ഏൽപ്പിക്കുവാനുദ്ദേശിക്കുന്നുണ്ടോ?

ഉത്തരം

(എ) ശരാശരി 30 കോടി രൂപയുടെ മരാമത്ത് പണികൾ പ്രതിവർഷം ടൂറിസം വകുപ്പിൽ നടത്തുന്നുണ്ട്.

(ബി) ചില പദ്ധതികൾ സിഡ്കോയിലൂടെ നടക്കുന്നുണ്ട്. മൊത്തമായി സിഡ്കോയെ ഏൽപ്പിക്കുവാൻ തീരുമാനിച്ചിട്ടില്ല.

കോവളം അശോക ഹോട്ടലും വസ്തുവകകളും കൈമാറ്റം ചെയ്ത നടപടി

13 [3600] ശ്രീ. ബി. വിജയകുമാർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിനോദസഞ്ചാര വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവിതാംകൂർ രാജകൊട്ടാരത്തിന്റെ അധീനതയിലുണ്ടായിരുന്നതും വിനോദസഞ്ചാര വികസനം ഉദ്ദേശിച്ച് പിന്നീട് ഇന്ത്യാ ഗവൺമെന്റിനു കീഴിലുള്ള ഐ.ടി.ഡി.സി.-ക്ക് കൈമാറിയതുമായ കോവളം അശോക ഹോട്ടൽ മുൻ കേന്ദ്ര സർക്കാർ സ്വകാര്യ കമ്പനിക്ക് വിറ്റതു സംബന്ധിച്ച വിശദവിവരങ്ങൾ സംസ്ഥാന സർക്കാരിന് അറിയാമോ; എങ്കിൽ വെളിപ്പെടുത്തുമോ;

(ബി) കെട്ടിടങ്ങളും എത്ര ഏക്കർ സ്ഥലവുമാണ് ഇപ്രകാരം സ്വകാര്യ കമ്പനിക്ക് കൈമാറിയത്;

(സി) ഇന്ത്യാ ഗവൺമെന്റിന്റേയോ ഐ.ടി.ഡി.സി.-യുടേയോ പരിപൂർണ്ണ ഉടമസ്ഥതയിൽ അല്ലാതിരുന്ന ഈ വസ്തുവകകൾ കേന്ദ്ര സർക്കാർ സ്വകാര്യ കമ്പനിക്ക് വിറ്റതിൽ മുൻ സംസ്ഥാന സർക്കാർ എന്തെങ്കിലും എതിർപ്പ് പ്രകടിപ്പിച്ചിരുന്നോ;

(ഡി) പ്രസ്തുത വിൽപ്പനയുടെ നിയമസാധുത സർക്കാർ പരിശോധിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ ഇതിനാവശ്യമായ നടപടികൾ സ്വീകരിക്കുമോ?

ഉത്തരം

(എ) വിശദവിവരം സംസ്ഥാന സർക്കാരിൽ ലഭ്യമല്ല.

(ബി—ഡി) ഈ പ്രശ്നവുമായി ബന്ധപ്പെട്ട കാര്യങ്ങളുടെ വിവിധവശങ്ങൾ പരിശോധിക്കാൻ സർക്കാർ ഒരു ഉന്നതതല കമ്മറ്റിയെ നിയോഗിച്ചിരിക്കയാണ്. അഡീഷണൽ ചീഫ് സെക്രട്ടറി, അഗ്രികൾച്ചർ പ്രൊഡക്ഷൻ കമ്മീഷണർ, റവന്യൂ പ്രിൻസിപ്പൽ സെക്രട്ടറി, നിയമ വകുപ്പ് സെക്രട്ടറി, ടൂറിസം സെക്രട്ടറി, ജില്ലാ കളക്ടർ എന്നിവർ കമ്മിറ്റിയിൽ അംഗങ്ങളാണ്. കമ്മിറ്റിയുടെ റിപ്പോർട്ട് പരിശോധിച്ചശേഷം സർക്കാർ യുക്തമായ തീരുമാനം കൈക്കൊള്ളുന്നതാണ്.

കോവളം കൊട്ടാരം സംരക്ഷിക്കാൻ നടപടി

14 [3601] ശ്രീ. കോവൂർ കുഞ്ഞുമോൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിനോദസഞ്ചാര വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോവളം കൊട്ടാരത്തിന്റെ ചുറ്റുമതിൽ സ്വകാര്യ മാനേജ്മെന്റ് ഇടിച്ചു നിരത്തിയതിനെതിരെ ബന്ധപ്പെട്ടവർ പോലീസിന് പരാതി നൽകിയിട്ടുണ്ടോ;

(ബി) സർക്കാർ ഉടമസ്ഥതയിലുള്ള ഭൂമി കയ്യേറിയാൽ അവർക്കെതിരെ നിയമനടപടി സ്വീകരിക്കാൻ വിനോദസഞ്ചാര വകുപ്പ് എന്തെല്ലാം നടപടികളെടുത്തു എന്ന് വെളിപ്പെടുത്തുമോ;

(സി) കോവളം കൊട്ടാരം സർക്കാരിന്റെ ഉടമസ്ഥതയിലാണോ ഉള്ളത് എന്ന് വെളിപ്പെടുത്തുമോ;

(ഡി) സർക്കാരിന് കൈമാറിയ പ്രസ്തുത ഭൂമിയും കെട്ടിടവും സംരക്ഷിക്കാൻ വിനോദസഞ്ചാര വകുപ്പ് എന്തെല്ലാം നടപടി സ്വീകരിച്ചു എന്നും ഇനി എന്തെല്ലാം മേൽനടപടി സ്വീകരിക്കാൻ ഉദ്ദേശിക്കുന്നു എന്നും വെളിപ്പെടുത്തുമോ?

ഉത്തരം

(എ ആന്റ് ബി) കോവളം കൊട്ടാരത്തിന്റെ ചുറ്റുമതിൽ പൊളിച്ചതായ പത്രവാർത്ത ശ്രദ്ധയിൽപ്പെട്ടതിനെ തുടർന്ന് നെയ്യാറ്റിൻകര തഹസീൽദാർ 8-7-2004-ൽ നിർമ്മാണ പ്രവർത്തനങ്ങൾ നിർത്തിവെക്കാൻ നിർദ്ദേശിച്ചിട്ടുള്ളതായി ജില്ലാ കളക്ടർ അറിയിച്ചിട്ടുണ്ട്.

(സി ആന്റ് ഡി) കോവളം കൊട്ടാരത്തിന്റെ ഉടമസ്ഥാവകാശം സംബന്ധിച്ച ചില തർക്കങ്ങൾ ഉടലെടുത്ത സാഹചര്യത്തിൽ ഈ പ്രശ്നവുമായി ബന്ധപ്പെട്ട കാര്യങ്ങളുടെ വിവിധ വശങ്ങൾ പരിശോധിക്കാൻ സർക്കാർ ഒരു ഉന്നതതല കമ്മിറ്റിയെ നിയോഗിച്ചിരിക്കയാണ്. അഡീഷണൽ ചീഫ് സെക്രട്ടറി, അഗ്രിക്കൾച്ചർ പ്രൊഡക്ഷൻ കമ്മീഷണർ, റവന്യൂ പ്രിൻസിപ്പൽ സെക്രട്ടറി, നിയമ വകുപ്പ് സെക്രട്ടറി, ടൂറിസം സെക്രട്ടറി, തിരുവനന്തപുരം ജില്ലാ കളക്ടർ എന്നിവർ അംഗങ്ങളാണ്. കമ്മിറ്റിയുടെ റിപ്പോർട്ട് പരിശോധിച്ചശേഷം സർക്കാർ യുക്തമായ തീരുമാനം കൈക്കൊള്ളുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly